## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1967

16.02.2016-ൽ മറുപടിയ്ക്ക്.

### ശുഭയാത്ര 2015 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ശുഭയാത്ര 2015 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാദ്ധ്യമാക്കുക എന്ന ലക്ഷ്യമാണ് പദ്ധതിയ്ക്കുള്ളത്. ഈ പദ്ധതി വഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E' കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.<br>ട്രാഫിക് അപകടങ്ങൾ 25% കുറയ്ക്കുക, ഗുരുതര അപകടങ്ങൾ 20% കുറയ്ക്കുക, കാൽനടയാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുക, ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ഇരുചക്രവാഹനയാത്രികർ എന്നിവർക്ക് ട്രാഫിക് നിയമങ്ങൾ മനസിലാക്കി കൊടുക്കുന്നതിനും ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചുള്ള ബോധവത്കരണത്തിനായി വിവിധ കർമ്മ |

പദ്ധതികളും ഇതിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ?

(സി) 04.06.2015-ലെ സ.ഉ(ആർ.റ്റി)നം.1368/2015/ ആഭ്യന്തരം പ്രകാരം പ്രസ്തുത പദ്ധതിക്കു അനുമതി നൽകിയിട്ടുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് 'ശുഭയാത്ര' പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ